പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.337 30.11.2015-ൽ മറുപടിയ്ക്ക്

## പൈക പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പൈക പദ്ധതിയിൻ കീഴിൽ എന്തെല്ലാം പദ്ധതികളാണ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കുമോ ; | (എ) | ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച് ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും അതു വഴി കൂടുതൽ കായികതാരങ്ങളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന ഒരു കേന്ദ്ര സഹായ പദ്ധതിയാണ് "പൈക്ക" എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ. പ്രസ്തുത പദ്ധതികൊണ്ട് ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകളിൽ കായികപരിശീലനത്തിനും കളികൾ നടത്തുന്നതിനും ആവശ്യമായ നിശ്ചിത നിലവാരത്തിലുള്ള കളിസ്ഥലങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കി സ്ഥിരമായ പരിശീലനം നൽകിയും ബ്ലോക്ക്/ ജില്ല/സംസ്ഥാന/ദേശീയ തലങ്ങളിൽ കൃത്യമായി വാർഷിക മത്സരങ്ങൾ സംഘടിപ്പിച്ചുകൊണ്ടും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, |

നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമുള്ള ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന് (One Time Seed Capital Grant) അർഹതയുണ്ട്. ഇത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് വഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈയിനത്തിൽ അഞ്ച് ലക്ഷം രൂപയാണ് ലഭിക്കുക. എന്നാൽ ഗ്രാമ പഞ്ചായത്തുകളുടെ അർഹത, അവയുടെ ജനസംഖ്യാനുപാതികമായി 4600 പേർക്ക് ഒരു ലക്ഷം രൂപ എന്ന തോതിലാണ് തിട്ടപ്പെടുത്തുക. (4600 എന്നത് ഗ്രാമീണ ജനസംഖ്യയുടെ ദേശീയ ശരാശരിയാണ്). കൂടാതെ പൈക്ക കായിക പരിശീലനകേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരായ സ്പോർട്സ് കോ ഓർഡിനേറ്റർമാർക്ക് നൽകുന്ന ഹോണറേറിയത്തിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമായ ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് (Annual Operational Grant), ഗ്രാമപഞ്ചായത്തിന് പ്രതിവർഷം പന്ത്രണ്ടായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപത്തിനാലായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക. എന്നാൽ പതിനായിരമോ അതിലധികമോ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ആന്വൽ അക്വിസിഷൻ ഗ്രാന്റും, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റും സാധാരണ നിരക്കിന്റെ ഇരട്ടി വീതം അതായത് യഥാക്രമം ഇരുപതിനായിരം രൂപ വീതവും ഇരുപത്തിനാലായിരം രൂപാ വീതവും പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്. ഇത് പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിയ്ക്കുകയുള്ളൂ.

ഈ പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആന്വൽ അക്വിസിഷൻ ഗ്രാന്റ് (Annual Acquisition Grant),

ഗ്രാമപഞ്ചായത്തിന് പ്രതിവർഷം പതിനായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപതിനായിരം രൂപ വീതവുമാണ് ലഭിക്കുക. പദ്ധതി നടപ്പാക്കി ആദ്യ അഞ്ചു വർഷം മാത്രം ലഭിക്കുന്ന 100% കേന്ദ്രധനസഹായമാണിത്. കൂടാതെ എല്ലാ വർഷവും ബ്ലോക്ക്/ജില്ല/ സംസ്ഥാന/ദേശീയതല പൈക്ക കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, അവാർഡുകൾ നൽകുന്നതിനും, 100 ശതമാനം കേന്ദ്ര സഹായമായി ആന്വൽ കോമ്പറ്റീഷൻ ഗ്രാന്റും ലഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുളള്ത്, വിശദമാക്കുമോ ;

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഗ്രാമ പഞ്ചായത്തിനെ 2008-09 വർഷത്തിലും, ഉർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിനെ 2010-11 വർഷത്തിലും, പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലനിർമ്മാണ വികസന പ്രവർത്തനങ്ങൾക്കർഹമായ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ കേന്ദ്ര വിഹിതം (75%) അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിയ്ക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം (25%) അനുവദിച്ചു നൽകുന്നതാണ്. ഇതിൽ ഉർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഗ്രാന്റ് വിനിയോഗിച്ച് മൈത്ര ഫുട്ബോൾ സ്റ്റേഡിയം, വെറ്റിലപ്പാറ വോളീബോൾ സ്റ്റേഡിയം (വെറ്റിലപ്പാടം ഗവൺമെന്റ് യു.പി.സ്കൂൾ ഗ്രൗണ്ട്) എന്നീ സ്ഥലങ്ങളിലെ കളിസ്ഥല നിർമ്മാണ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുളളത്. കൂടാതെ, ഈ മണ്ഡലത്തിലെ കാവനൂർ, കുഴിമണ്ണ, കീഴുപറമ്പ, ചാലയാർ എന്നീ ഗ്രാമപഞ്ചായത്തുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിച്ച അപേക്ഷ 2012-13 വർഷത്തെ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര യുവജനകാര്യ കായികമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ഗ്രാന്റ് അനുവദിയ്ക്കുന്നതിനുളള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(സി) മലപ്പുറം ജില്ലയിൽ പൈക പദ്ധതിയിൻകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകുമോ ?

(സി)

**<u>കോട്ടയ്ക്കൽ നിയോജകമണ്ഡലം</u>**
ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, വളാഞ്ചേരി ഗ്രാമ പഞ്ചായത്ത്.

**<u>തിരൂരങ്ങാടി നിയോജകമണ്ഡലം</u>**
തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത്, പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്

**<u>മങ്കട നിയോജകമണ്ഡലം</u>**
അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, മങ്കട ഗ്രാമ പഞ്ചായത്ത്, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്, മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്, കുറുവ ഗ്രാമ പഞ്ചായത്ത്

**<u>നിലമ്പൂർ നിയോജക മണ്ഡലം</u>**
കരുളായി ഗ്രാമ പഞ്ചായത്ത്, ചുങ്കത്തറ ഗ്രാമപഞ്ചായത്ത്, എടക്കര ഗ്രാമപഞ്ചായത്ത്, പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

**<u>പെരിന്തൽമണ്ണ നിയോജകമണ്ഡലം</u>**
ഏലംകുളം ഗ്രാമ പഞ്ചായത്ത്, താഴക്കോട് ഗ്രാമപഞ്ചായത്ത്, വേട്ടത്തൂർ ഗ്രാമപഞ്ചായത്ത്, മേലാറ്റൂർ ഗ്രാമപഞ്ചായത്ത്, ആലിപ്പറമ്പ ഗ്രാമപഞ്ചായത്ത്, പുലാമന്തോൾ ഗ്രാമപഞ്ചായത്ത്.

**<u>താനൂർ നിയോജക മണ്ഡലം</u>**
താനാളൂർ ഗ്രാമപഞ്ചായത്ത്, നിറമരുതൂർ ഗ്രാമപഞ്ചായത്ത്, താനൂർ ഗ്രാമപഞ്ചായത്ത്, താനൂർ ബ്ലോക്ക് പഞ്ചായത്ത്.

**<u>കൊണ്ടോട്ടി നിയോജക മണ്ഡലം</u>**
വാഴയൂർ ഗ്രാമ പഞ്ചായത്ത്, ചെറുകാവ് ഗ്രാമപഞ്ചായത്ത്, പുളിക്കൽ ഗ്രാമപഞ്ചായത്ത്, കൊണ്ടോട്ടി ബ്ലോക്ക്പഞ്ചായത്ത്

**<u>പൊന്നാനി നിയോജകമണ്ഡലം</u>**
വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്, ആലംങ്കോട് ഗ്രാമപഞ്ചായത്ത്, പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്ത്.

**മഞ്ചേരി നിയോജകമണ്ഡലം**
എടപ്പറ്റ ഗ്രാമപഞ്ചായത്ത്,
തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

**വള്ളിക്കുന്ന് നിയോജകമണ്ഡലം**
വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്,
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്,

**മലപ്പുറം നിയോജക മണ്ഡലം**
പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്, മൊറയൂർ ഗ്രാമ പഞ്ചായത്ത്, കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്, ആനക്കയം ഗ്രാമപഞ്ചായത്ത്, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്.

**വേങ്ങര നിയോജക മണ്ഡലം**
എ.ആർ.നഗർ ഗ്രാമ പഞ്ചായത്ത്,
പരപ്പൂർ ഗ്രാമപഞ്ചായത്ത്

**തിരൂർ നിയോജകമണ്ഡലം**
തിരുനാവായ ഗ്രാമപഞ്ചായത്ത്,
തലക്കാട് ഗ്രാമപഞ്ചായത്ത്, തിരൂർ ബ്ലോക്ക് പഞ്ചായത്ത്

**തവനൂർ നിയോജക മണ്ഡലം**
തവനൂർ ഗ്രാമപഞ്ചായത്ത്, വട്ടംകുളം ഗ്രാമപഞ്ചായത്ത്,.

**വണ്ടൂർ നിയോജക മണ്ഡലം**
തിരുവാലി ഗ്രാമപഞ്ചായത്ത്, മമ്പാട് ഗ്രാമപഞ്ചായത്ത്, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്, കാളികാവ് ഗ്രാമപഞ്ചായത്ത്, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്.

മുകളിൽ സൂചിപ്പിച്ച ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സ്പോർട്സ് കൗൺസിൽ ആവശ്യപ്പെട്ട രേഖകൾ/ വിവരങ്ങൾ സമർപ്പിച്ച പഞ്ചായത്തുകൾക്ക് കളിസ്ഥല നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കർഹമായ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ

കേന്ദ്രവിഹിതം അനുവദിച്ചു
നൽകിയിട്ടുണ്ട്. ഇനിയും രേഖകൾ
സമർപ്പിയ്ക്കാത്ത പഞ്ചായത്തുകൾ
രേഖകൾ/വിവരങ്ങൾ സമർപ്പിയ്ക്കുന്ന
മുറയ്ക്ക് ഗ്രാന്റ്
അനുവദിയ്ക്കുന്നതാണ്.

Manju M

**സെക്ഷൻ ഓഫീസർ**